## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3650 — 20.06.2019 ൽ മറുപടിക്ക്

## പാലക്കാട് ജില്ലയിലെ ആർദ്രം പദ്ധതി

| ചോദ്യം<br>ശ്രീ.പി.കെ. ശശി | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ആർദ്രം പദ്ധതി പ്രകാരം പാലക്കാട് ജില്ലയിൽ എന്തെല്ലാം നവീകരണപ്രവൃത്തികളാണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | 2017-18 ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ പാലക്കാട് ജില്ലയിലെ 16 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തി 16 അസിസ്റ്റന്റ് സർജൻ, 32 സ്റ്റാഫ് നഴ്സ്, 16 ലാബ് ടെക്നീഷ്യൻ, 16 ഫാർമസിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ട്. ഇവ നല്ല രീതിയിൽ പ്രവർത്തിച്ച് വരുന്നു.<br><br>2018-19 ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ പാലക്കാട് ജില്ലയിലെ 45 കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നതിന് തെരെഞ്ഞെടുത്തിട്ടുണ്ട്. ഇവയുടെ നിർമ്മാണ പ്രവൃത്തികൾ എൻ.എച്ച്.എം.മുഖേന നടന്നു വരുന്നു. കൂടാതെ ടി സ്ഥാപനങ്ങളിലേയ്ക്ക് അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരുന്നു. |
| (ബി) | പാലക്കാട് ജില്ലയിലെ ഏതെല്ലാം ആശുപത്രികളിലാണ് നവീകരണപ്രവർത്തനങ്ങൾ നടന്നുവരുന്നതെന്നും എന്തെല്ലാം പുതിയ സൗകര്യങ്ങൾ ആണ് ഇവിടങ്ങളിൽ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ? | (ബി) | പാലക്കാട് ജില്ലാ ആശുപത്രിയിൽ ഒ.പി.വെയിറ്റിംഗ് ഏരിയയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഇവിടെ കാത്ത് ലാബ് പ്രവർത്തിച്ച് വരുന്നു. ഒറ്റപ്പാലം, ചിറ്റൂർ, മണ്ണാർക്കാട്, ആലത്തൂർ താലൂക്ക് ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ തുടങ്ങുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ പൂർത്തിയായിട്ടുണ്ട്.<br><br>പാലക്കാട് ജില്ലയിലെ ജില്ലാ ആശുപത്രിയിലും വനിതാ ശിശു ആശുപത്രിയിലുമുള്ള രണ്ട് ഹാളുകൾ ആർദ്രം ജില്ലാ ട്രെയിനിംഗ് സെന്റർ ആക്കി മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.<br><br>രണ്ടാം ഘട്ടത്തിൽ തെരെഞ്ഞെടുത്ത 36 സ്ഥാപനങ്ങൾക്ക് ഭരണാനുമതി നൽകുകയും 23 എണ്ണത്തിന് സാങ്കേതികാനുമതി |

| | | | |
|---|---|---|---|
| | | | നൽകുകയും ചെയ്തു. ഇതിൽ വെള്ളിനേഴി, കാഞ്ഞിരപ്പുഴ, പുതുക്കോട്, ആനക്കട്ടി എന്നീ സ്ഥാപനങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.<br><br>ആർദ്രം പദ്ധതിയുടെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്ന സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടറൈസ്ഡ് ഒ.പി.രജിസ്ട്രേഷൻ, രോഗികൾക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ, സ്വകാര്യതയോടുകൂടിയ കൺസൾട്ടേഷൻ സൗകര്യങ്ങൾ, നഴ്സിംഗ് കൗൺസിലിംഗ്, പബ്ലിക് അഡ്രസിംഗ് സിസ്റ്റം, രോഗികൾക്ക് ആവശ്യത്തിന് ഇരിപ്പിടങ്ങൾ, കുടിവെള്ള സൗകര്യം, ടോയ്‌ലറ്റ് സൗകര്യം, മൂന്ന് ഡോക്ടർമാരുടെ സേവനം, നഴ്സസ് പ്രീ ചെക്കം കൗൺസിലിംഗും, വൈകിട്ട് 6 മണി വരെ ഒ.പി.സേവനങ്ങൾ, ലബോറട്ടറി സൗകര്യം തുടങ്ങിയവയാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ലഭ്യമാക്കി വരുന്ന സേവനങ്ങൾ. |

സെക്ഷൻ ഓഫീസർ